പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3575 08.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യുടെ പുനരുദ്ധാരണം

ചോദ്യം

ശ്രീ.സി.മമ്മൂട്ടി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിലെ നിലവിലുള്ള ഡിപ്പോകളിൽ മുപ്പത്തി അഞ്ചെണ്ണം തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ മാത്രമുള്ളതാണെന്ന സി.എം.ഡി യുടെ കണ്ടെത്തലിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ ; അവ ഏതെല്ലാം ഡിപ്പോകളാണെന്ന് അറിയിക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ 94 യൂണിറ്റുകളാണ് ഉള്ളത്. ഇതിൽ 22 എണ്ണം സർവ്വീസ് ഓപ്പറേഷനു വേണ്ടി മാത്രമായി ക്രമീകരിച്ചിട്ടുള്ള ഓപ്പറേറ്റിംഗ് സെന്ററുകളുടെ ഗണത്തിലാണ് വരുന്നത്. അത്തരത്തിൽ നിലവിലുള്ള 22 ഓപ്പറേറ്റിംഗ് സെന്ററുകളെ നിർത്തലാക്കിയാൽ അവിടെ വിന്യസിച്ചിരിക്കുന്ന മെക്കാനിക്കൽ, മിനിസ്റ്റീരിയൽ ജീവനക്കാരെ മാതൃ യൂണിറ്റിലേയ്ക്ക് മാറ്റി നിയമിച്ച് പ്രസ്തുത ഷെഡ്യൂളുകൾ പഴയതുപോലെ തന്നെ ഓപ്പറേറ്റ് ചെയ്യാവുന്നതാണ്. ആയതിലേയ്ക്ക് ഒരു സ്റ്റേഷൻമാസ്റ്ററുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാതെ തന്നെ പഴയ രീതിയിൽ ഓപ്പറേറ്റ് ചെയ്യാവുന്നതാണ്. അതുവഴി ഭരണപരമായ ചെലവുകൾ കുറയ്ക്കുന്നതിന് കോർപ്പറേഷന് സാധിക്കും. ഓപ്പറേറ്റിംഗ് സെന്ററുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അധ്വാനിക്കുന്ന വിഭാഗത്തിന് മീതെ എല്ലാ രീതിയിലും മേൽക്കൈ നൽകുന്ന തൊഴിൽ പരിഷ്കാര രീതി ഉപയോഗപ്പെടുത്തിയാൽ കെ.എസ്. ആർ.ടി.സി യെ രാജ്യത്തെ ഏറ്റവും ലാഭമുണ്ടാക്കുന്ന പൊതുഗതാഗത സർവ്വീസാക്കി മാറ്റാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കെ.എസ്.ആർ.ടി.സി യുടെ പുനരു | (ബി) | കോർപ്പറേഷന്റെ ഭരണ നിർവ്വഹണത്തിന്റെ ഭാഗമായിട്ടുള്ള ജോലികൾ ചെയ്യുന്ന വിഭാഗമാണ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ. ടി വിഭാഗം ജീവനക്കാർക്ക് നിയമപരമായി നൽകുവാൻ കഴിയുന്ന ജോലികളും അധികാരങ്ങളും മാത്രം നൽകിയിട്ടുള്ളതും നിയമപരമായി നൽകപ്പെട്ടിട്ടുള്ള അധികാര പരിധിയിൽ നിന്നുകൊണ്ട് അവരവരിൽ നിക്ഷിപ്തമായിട്ടുള്ള ജോലികൾ മാത്രം അനുഷ്ഠിച്ചുവരുന്നതുമാണ്. കെ.എസ്.ആർ.ടി.സി.യിലെ മിനിസ്റ്റീരി |

| | | | |
|---|---|---|---|
| | ദ്ധാരണം സംബന്ധിച്ച് പഠിച്ച സുശീൽ ഖന്നയുടെ റിപ്പോർട്ടി ലുണ്ടോ ; എങ്കിൽ അതിന്റെ പൂർണ്ണ വിവരം നൽകുമോ ; | | യൽ വിഭാഗമടക്കം എല്ലാ വിഭാഗം ജീവന ക്കാരും അദ്ധ്വാനിക്കുന്ന വിഭാഗത്തിൽ പെടുന്നവരാണ്. ഇത് സംബന്ധിച്ച് യാതൊരു നിർദ്ദേശവും പ്രൊഫ.സുശീൽ ഖന്നയുടെ കരട് റിപ്പോർട്ടിൽ പരാമർശിച്ചി ട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി യിലെ കണ്ടക്ടർ/ഡ്രൈവർ വിഭാഗക്കാരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് എന്തെ ങ്കിലും പഠനം നടത്തിയിട്ടുള്ളതായി സർക്കാറിനറിവുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകു മോ ; | (സി) യും (ഡി) യും | ഇത്തരത്തിൽ യാതൊരു പഠന റിപ്പോർട്ടും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സംസ്ഥാനത്തെ സർക്കാർ ജോലി കളിൽ ഏറ്റവും അധികം രോഗം കൊണ്ട് വിഷമിക്കുന്ന വിഭാഗമാണ് കെ.എസ്.ആർ.ടി.സി യിൽ വർഷ ങ്ങളായി ലൈൻഡ്യൂട്ടി നോക്കുന്ന വിഭാഗമെന്ന് പ്രസ്തുത സംഘടനയുടെ പഠനത്തിലടിസ്ഥാനമാക്കിയ വെളി പ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗങ്ങളോട് സർക്കാരിന്റെ സമീപനത്തിൽ മാറ്റം വരുത്തുമോ യെന്ന് അറിയിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

1. റാന്നി
2. തിരുവമ്പാടി
3. വിതുര
4. വടകര
5. പുതുക്കാട്
6. പന്തളം
7. പാലോട്
8. നെടുങ്കണ്ടം
9. മൂന്നാർ
10. മൂലമറ്റം
11. വടക്കാഞ്ചേരി
12. മണ്ണാർക്കാട്
13. മല്ലപ്പള്ളി
14. കുളത്തൂപ്പുഴ
15. കൂത്താട്ടുകുളം
16. കോന്നി
17. കൊടുങ്ങല്ലൂർ
18. ഇരിങ്ങാലക്കുട
19. എരുമേലി
20. എടത്വ
21. ആര്യങ്കാവ്
22. ആര്യനാട്